ഉത്തരം

(എ) റദ്ദ് ചെയ്തിട്ടില്ല. 16-1-2002-ലെ ഉത്തരവിലെ നിയന്ത്രണങ്ങൾ പിൻവലിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ബി) വിധിയുടെ പകർപ്പ് മേശപ്പുറത്തുവയ്ക്കുന്നു.†

(സി) സർക്കാർ, ഹൈക്കോടതി മുമ്പാകെ ഇക്കാര്യത്തിൽ സത്യവാങ്മൂലം നൽകിയിട്ടില്ല.

(ഡി ആന്റ് ഇ) (സി) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാരുടെ പുനഃസ്ഥാപിക്കപ്പെട്ട ആനുകൂല്യങ്ങൾ

31 [31] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 2002 ജനുവരി 16-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ വരുത്തിയ കുറവുകളിൽ പുനഃപരിശോധന നടത്തിയോ;

(ബി) എങ്കിൽ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് ഏതൊക്കെ ഉത്തരവുകൾ സർക്കാർ ഇതുവരെ പുറപ്പെടുവിച്ചു; ഇതിൻ പ്രകാരം സർക്കാർ ജീവനക്കാർക്ക് ലഭിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് 19-6-2003-ൽ ജി.ഒ.(പി) നമ്പർ 328/03/ധന-യും 16-6-2004-ൽ ജി.ഒ.(പി) നമ്പർ 279/04/ധന-യും പുറപ്പെടുവിച്ചിട്ടുണ്ട്. 19-6-2003-ലെ ഉത്തരവ് പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം ഭാഗികമായി പുനഃസ്ഥാപിക്കുകയും, പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഡി.എ.-യും മറ്റ് അലവൻസുകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 15 വർഷത്തിൽനിന്നും 12 വർഷമാക്കിയിട്ടുണ്ട്. 16-6-2004-ലെ ഉത്തരവ് പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടുണ്ട്.

പണിമുടക്ക് കാലം പരിഗണിക്കുന്ന രീതി

32 [32] ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ജെ. ജോയി:
,, കെ. സി. ജോസഫ്:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly